പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5173 — 26.03.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ അധിക തസ്തിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അധിക തസ്തിക അനുവദിക്കുന്നതിന് ധനവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ അനുവദിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഭാഗങ്ങൾ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ പാർടൈം - സ്വീപ്പർ മുതൽ ചീഫ് എഞ്ചിനീയർവരെയുള്ള തസ്തികകൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കരാർ നിയമനങ്ങളോ/താൽക്കാലിക നിയമനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും, 22 ലൈൻമാൻമരെയും 10 രണ്ടാം തരം ഓവർസിയർമാരെയും നിയമിച്ചിട്ടുണ്ട്. കരാർ നിയമനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ